**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

KEAM -2022

**പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്**
**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**
**രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു.**

2022 ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലെ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2022 സെപ്തംബർ 14 മുതൽ സെപ്തംബർ 20 തീയതി രാവിലെ 10.00 മണി വരെ ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഭിന്നശേഷി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കും, മറ്റ് സമുദായ ക്വാട്ട/രജിസ്റ്റേർഡ് സൊസൈറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കും/സഹകരണ ജീവനക്കാരുടെ മക്കൾക്കായി മാറ്റി വച്ചിട്ടുള്ള സീറ്റുകളിലേക്കുമുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ഒന്നാം ഘട്ട അലോട്ട്മെന്റ്**

ഒന്നാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് **23.09.2022 മുതൽ 26.09.2022 വൈകുന്നേരം 3.00 മണിക്കകം** ഓൺലൈൻ പേയ്മെന്റായോ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

**ആദ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതില്ല.**

**ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഫീസ് അടയ്ക്കാനുള്ള സമയക്രമം**

| | |
|---|---|
| 23.09.2022 | ഫീസ് ഒടുക്കാവാനുള്ള സമയം ആരംഭിക്കുന്നു. (ഓൺലൈനായി/ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരം) |
| 26.9.2022, വൈകുന്നേരം 3.00 മണി വരെ | ഫീസ് ഒടുക്കാവാനുള്ള സമയം അവസാനിക്കുന്നു |

കുറിപ്പ്

1. ഓപ്ഷനുകൾ ഉൾപ്പെടുത്തിയിരുന്ന തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ Cyber Physical Systems, Computer Science & Engineering (Data Science), Kannur Anjarakandi Malabar Institute of Technology ലെ Civil Engineering, Electrical & Electronics Engineering, Mechanical Engineering, ശ്രീബുദ്ധ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആലപ്പുഴ യിലെ Robotics and Automation Engineering എന്നീ കോഴ്സുകളിലേക്ക് വിവിധ കാരണങ്ങളാൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല.

2. ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന് കീഴിലുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ (എസ്.സി/എസ്.റ്റി/ഒ.ഇ.സി ഒഴികെ) ട്യൂഷൻ ഫീസിനോടൊപ്പം 1000/- രൂപ കോഷൻ ഡിപ്പോസിറ്റായി ഒടുക്കേണ്ടതാണ്. എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ ഒടുക്കുന്ന ടോക്കൺ ഫീസ് കോഷൻ ഡിപ്പോസിറ്റായി വകയിരുത്തുന്നതാണ്.

**രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ**

**സ്റ്റെപ്പ് 1: ഓപ്ഷൻ കൺഫർമേഷൻ നിർബന്ധം :** ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും ആവശ്യപ്പെട്ടിരിക്കുന്ന ഫീസ് ഒടുക്കുകയും ചെയ്ത വിദ്യാർത്ഥികളും, ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്താവരും എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിർബന്ധമായും ഓപ്ഷൻ കണഫർമേഷൻ നടത്തേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികൾ ഹോം പേജിൽ പ്രവേശിച്ച് **'confirm'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.

**സ്റ്റെപ്പ് 2:** ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുനഃക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/ കോഴ്സ് എന്നിവ **23.09.2022 മുതൽ 27.09.2022 വൈകുന്നേരം 3.00 മണി** വരെ ലഭ്യമാകുന്നതാണ്. അനുബന്ധമായി നൽകിയിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലേക്കും ഈ ഘട്ടത്തിൽ ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവരും, അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് രണ്ടാം ഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ നടത്താത്തവരുടെ ഒന്നാംഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവരിൽ നിശ്ചിത തീയതിക്കുള്ളിൽ ഫീസ് അടയ്ക്കാത്തവർ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരുന്നാൽ പോലും നിലവിലെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്കീമിലെ ഹയർ ഓപ്ഷനുകളും നഷ്ടമാകുകയും തുടർന്ന് ഈ വിദ്യാർത്ഥികളെ രണ്ടാം ഘട്ട അലോട്ട്മെന്റിൽ ബന്ധപ്പെട്ട സ്കീമിലെ അലോട്ട്മെന്റിന് പരിഗണിക്കുന്നതുമല്ല.

**സ്റ്റെപ്പ് 3 :** 27.09.2022 വൈകീട്ട് 3.00 മണിവരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് 30.09.2022-ന് പ്രസിദ്ധീകരിക്കുന്നതാണ്.

**<u>രണ്ടാംഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.</u>**

| | |
|---|---|
| 24.09.2022 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേക്കും/കോഴ്സുകളിലേക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ആരംഭിക്കുന്നു. |
| 27.09.2022, വൈകുന്നേരം 3.00 മണി | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 30.09.2022 | രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം |

## <u>Annexure</u>

**<u>രണ്ടാം ഘട്ടത്തിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകൾ</u>**

<table>
<tr><th rowspan="2">SL. No.</th><th rowspan="2">College Code</th><th rowspan="2">Name of College</th><th rowspan="2">Seats</th><th colspan="2">Fee</th></tr>
<tr><th colspan="2"></th></tr>
<tr><td>1</td><td>NVR</td><td>College of Architecture Trivandrum, Vellanad, Trivandrum.</td><td>50%</td><td rowspan="3">Rs. 55000/-pa (25% Lower Income Group)</td><td rowspan="3">Rs. 55000/-pa + Rs.25000/- p.a (25% other)</td></tr>
<tr><td>2</td><td>HCA</td><td>Holy Crescent College of Architecture, south Vazhakulam, Aluva</td><td>All</td></tr>
<tr><td>3</td><td>NMR</td><td>Nizar Rahim and MARK School of Architecture, Kollam</td><td>All</td></tr>
</table>

ഹെൽപ് ലൈൻ നം : 04712525300

Sd/-

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
22.09.2022